## പതിനാലാം കേരള നിയമസഭ
### നാലാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത** 1/3/2017-ലെ മറുപടിയ്ക്ക്
**ചോദ്യം നം.1020**

## <u>എഫ്.സി.ഐ. ഗോഡൗണുകളിലെ അട്ടിക്കൂലി പ്രശ്നം</u>

| <u>ചോദ്യം</u> | | <u>മറുപടി</u> |
|---|---|---|
| ശ്രീ. മഞ്ഞളാംകുഴിഅലി | | ശ്രീ. റ്റി.പി. രാമകൃഷ്ണൻ<br>(ബഹു. തൊഴിലും നൈപുണ്യവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് എഫ്.സി.ഐ. ഗോഡൗണുകളിലെ അട്ടിക്കൂലി പ്രശ്നം മൂലം റേഷൻ വിതരണം തടസ്സപ്പെട്ടത് തൊഴിൽ വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | എ) | ഉണ്ട്. |
| ബി) ഈ തൊഴിൽ പ്രശ്നം സമയബന്ധിതമായി ചർച്ച ചെയ്ത് പരിഹരിക്കാത്തതുമൂലം റേഷൻ മുടങ്ങിയ സാഹചര്യത്തിന് ഉത്തരവാദികൾ ആരൊക്കെയാണെന്ന് പരിശോധിച്ചിട്ടുണ്ടോ | ബി) | പരിശോധിച്ചിട്ടില്ല. |
| സി) തൊഴിൽ വകുപ്പും ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പും തമ്മിൽ ഏകോപനമില്ലാത്തതാണ് ഈ ഗുരുതരമായ സ്ഥിതി വിശേഷത്തിനിടയാക്കിയതെന്ന ആക്ഷേപം ഗൗരവമായി കാണുന്നുണ്ടോ; | സി) | തൊഴിൽ വകുപ്പും ഭക്ഷ്യ സിവിൽ സപ്ലൈസും വകുപ്പും തമ്മിൽ ഏകോപനമില്ല എന്ന ആക്ഷേപം ശരിയല്ല. ലേബർ കമ്മീഷണറും സിവിൽ സപ്ലൈസ് ഡയറക്ടറും, എഫ്.സി.ഐ. ഉദ്യോഗസ്ഥരും വിവിധ ട്രേഡ് യൂണിയൻ നേതാക്കളും |

ലേബർ കമ്മീഷണറുടെ കാര്യാലയത്തിൽ വച്ച് രണ്ടുവട്ടം ചർച്ച നടത്തുകയും അതിനുശേഷം ബഹു. മുഖ്യമന്ത്രി, തൊഴിൽ വകുപ്പ് മന്ത്രി, ഭക്ഷ്യവകുപ്പ് മന്ത്രി എന്നിവരുമായി നടന്ന ചർച്ചകളിലൂടെ തർക്കം ഒത്തുതീർപ്പാവുകയും ചെയ്തു.

| | |
|---|---|
| ഡി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും തൊഴിൽ തർക്കങ്ങൾ, റേഷൻ വിതരണം പോലുള്ള അവശ്യസേവനങ്ങളെ ബാധിക്കാതിരിക്കാനും ആവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.